ഇൻഫോപാർക്ക് ചേർത്തലയിലേയ്ക്ക് ബസ് സൗകര്യം ഏർപ്പെടുത്തിയിട്ടുണ്ട്. ഇപ്പോൾ 22 കമ്പനികൾ ഇവിടെ പ്രവർത്തിച്ചുവരുന്നുണ്ട്. കമ്പനികളുടെ വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു.

(ബി) ഈ സർക്കാർ അധികാരമേറ്റശേഷം അരൂർ മണ്ഡലത്തിലെ പൊതുമേഖലാ സ്ഥാപനമായ കെൽട്രോൺ കൺട്രോൾസിന്റെ നവീകരണത്തിന്റെ ഭാഗമായി 2011-12-ൽ സോണാർ ഏരിയ, ഡിജിറ്റൽ സെറ്റ് ടോപ്പ് ബോക്സ് എന്നിവയുടെ നിർമ്മാണ പ്രവർത്തനങ്ങൾക്കായി 7 കോടി രൂപ നൽകിയിട്ടുണ്ട്. 2012-13-ൽ ഡിജിറ്റൽ സെറ്റ് ടോപ്പ് ബോക്സ് നിർമ്മാണത്തിനാവശ്യമായ എസ്.എം.ടി. സൗകര്യങ്ങൾക്കായി 6 കോടി രൂപയും നൽകിയിട്ടുണ്ട്. മറ്റൊരു പൊതുമേഖലാ സ്ഥാപനമായ ഉദുമ സിൽക്സ് ജനറൽ എഞ്ചിനീയറിംഗ് വർക്സിന് 2011-12 സാമ്പത്തിക വർഷ പുനരുദ്ധാരണ പ്രവർത്തനങ്ങൾക്കായി 200 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്, മലബാർ സിമന്റ്സിന്റെ യൂണിറ്റിനായി ചെലവഴിച്ച തുക ശേഖരിച്ചു നൽകുന്നതാണ്.

കെൽട്രോണിനെ ഏൽപ്പിച്ച പദ്ധതികൾ

242 (3396) ശ്രീ. കോടിയേരി ബാലകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്ന് നാളിതുവരെ ഇലക്ട്രോണിക്സ് ഇലക്ട്രിക് മേഖലയിൽ ഏതു സർക്കാർ പദ്ധതികൾ കെൽട്രോണിനെ ഏൽപ്പിച്ചിട്ടുണ്ടെന്ന് വിശദമാക്കാമോ ;

(ബി) 108 ആംബുലൻസ്, റേഷൻകട കമ്പ്യൂട്ടറൈസേഷൻ, എൽ.ഇ.ഡി സ്ട്രീറ്റ് ലൈറ്റ്, സിഗ്നൽ സുരക്ഷാ സംവിധാനം എന്നീ പദ്ധതികൾ സർക്കാർ കഴിഞ്ഞ നാല് വർഷത്തിനിടയിൽ ഏതൊക്കെ സ്ഥാപനങ്ങളെയാണ് ഏൽപിച്ചതെന്ന് വിശദമാക്കാമോ ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്ന് നാളിതുവരെ ഇലക്ട്രോണിക്സ് ഇലക്ട്രിക് മേഖലയിൽ കെൽട്രോണിനെ ഏൽപ്പിച്ചിട്ടുള്ള സർക്കാർ പദ്ധതികൾ ചുവടെ ചേർക്കുന്നു:

1. സൗരോർജ്ജ പദ്ധതികൾ

2. എൽ.ഇ.ഡി തെരുവുവിളക്ക് പദ്ധതികൾ

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

3. കോർപ്പറേഷൻ പരിധികൾ

4. കോർപ്പറേഷൻ വിസ്തീർണ്ണം പരിധികൾ

5. ഡി.ടി.പി.സി. സർക്കാരിനായി ആകെയുള്ള പരിധികൾ.

(തുടർന്ന് വിവരം ശേഖരിച്ച് നൽകുന്നതാണ്.)

സ്മാർട്ട് സിറ്റി പ്രദേശത്ത് അനുബന്ധ സേവനങ്ങൾക്കുള്ള ഭൂമി

243 (3397) ശ്രീ. രാജു ഏബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായ വിദ്യാഭ്യാസകാര്യ വകുപ്പിന്റെ ചുമതലയുള്ള മന്ത്രി ദയവായി മറുപടി നൽകുമോ:

(എ) സിൽവർ സ്പ്രിംഗ്സിന്റെ പ്രവർത്തനം ഏതു ഘട്ടത്തിലാണ് എന്ന് വെളിപ്പെടുത്തുമോ;

(ബി) കെ.ടി.സി ആവശ്യപ്പെടുന്ന ഭൂമി ഏതെല്ലാം സർവ്വേ നമ്പരുകളിലാണ് ലഭ്യമാക്കുന്നതെന്ന് വ്യക്തമാക്കുമോ;

(സി) കെ.ടി.സി ആവശ്യപ്പെടുന്ന ഭൂമി ഏതെല്ലാം സർവ്വേ നമ്പരുകളിലാണ് ലഭ്യമാക്കുന്നതെന്ന് വ്യക്തമാക്കുമോ;

(ഡി) കെ.ടി.സി. ആവശ്യപ്പെടുന്ന ഭൂമിയുടെ വിശദാംശങ്ങളാണ് ഉൾപ്പെടുത്തിയിരിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(ഇ) കെ.ടി.സി. ആവശ്യപ്പെടുന്ന സൗജന്യങ്ങൾ നടപ്പാക്കുന്നതിന് സ്മാർട്ട്സിറ്റി പദ്ധതി ഇതി വിട്ടുവീഴ്ചകൾ ചെയ്തിട്ടുണ്ടോ; എങ്കിൽ അവയെന്തെല്ലാം, ഭൂമി വിലയെന്ന് വ്യക്തമാക്കുമോ?

ഉത്തരം

ഐ.ടി കമ്പനികൾക്ക് ഓഫീസ് സ്പേസ് നൽകുന്നതിനുള്ള പദ്ധതിയാണ് കേരളത്തിൽ കോഴിക്കോട് 88 ഏക്കർ സ്ഥലത്ത് നിർമ്മിക്കുന്ന സിൽവർ സ്പ്രിംഗ് എന്ന് കെ.ടി.സി/കെ.ടി.ഇ.എന്നിവ അവരുടെ ആവശ്യങ്ങൾക്കായി നിശ്ചയിച്ചിട്ടുള്ളത്.

(എ) കെ.ടി.സി/കെ.ടി.ഇ. ആവശ്യപ്പെടുന്ന സേവനങ്ങൾ, നിർവ്വഹണ ഏജൻസി, നിശ്ചയിച്ച് നൽകുന്ന തുകകൾ ചുവടെ ചേർക്കുന്നു.

(ബി) ഈ ഘട്ടത്തിൽ വിവരം ശേഖരിച്ചു വരുന്നു.

അക്ഷയ കേന്ദ്രങ്ങളിൽനിന്നും മെച്ചപ്പെട്ട സേവനങ്ങൾ

244 (3398) ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായ വിദ്യാഭ്യാസകാര്യ വകുപ്പിന്റെ ചുമതലയുള്ള മന്ത്രി ദയവായി മറുപടി നൽകുമോ:

LIBRARY ARCHIVES Kerala Legislative Assembly